## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4655

27.06.2014 - ൽ മറുപടിക്ക്

## ബി.പി.എൽ വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ബി.പി.എൽ. വിഭാഗക്കാരുടെ വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പലിശ സബ്സിഡി നൽകാൻ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർമാരിൽ നിന്ന് 31.03.2014 വരെ ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം ഫണ്ട് അനുവദിക്കുകയുണ്ടായി. അതിനുശേഷം ലഭിച്ച നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ പ്രസ്തുത വിഭാഗത്തിലെ എത്ര പേർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ 118 പേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. |

(2)

| | | | |
|---|---|---|---|
| (സി) | മൂന്ന് ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വർക്കുള്ള പലിശ സബ്സിഡിക്ക് എത്ര അപേക്ഷകളാണ് ലഭിച്ച തെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (സി) & (ഡി) | വിവരം ശേഖരിച്ചു വരുന്നു. ലഭിച്ച അപേക്ഷകൾ ജില്ലാ തലത്തിൽ പരിശോധിക്കുന്നു. കേന്ദ്ര സർക്കാർ പുതിയ പലിശ സബ്സിഡി സ്കീം ആരംഭിച്ച സാഹചര്യത്തിൽ 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗത്തിൽപ്പെട്ടവർക്കായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പലിശ സബ്സിഡി സ്കീം റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ